നം. വി.ഐ.ജി/6297/04 തീയതി. 14.2.2005

## പ്രൊസീഡിംഗ്സ്

വിഷയം :- സിഡ്കോ വിജി. അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിനാൽ സിഡ്കോയുടെ പാലക്കാട് ആർ.എം. ഡിപ്പോയിൽ പാർടൈം തൂപ്പുകാരനായ ശ്രീ. കെ. ജലീലിനെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടുകൊണ്ടുള്ള ഉത്തരവ് സംബന്ധിച്ച്

സൂചന:- (1) ശ്രീ. കെ. ജലീലിൽ നിന്നും ലഭിച്ച 24-10-2001 ലെ അവധിക്കുള്ള അപേക്ഷ

(2) പി.ഇ.ആർ.(2)/11158/2001 നംപരിൽ സർക്കാരിലേയ്ക്ക് സിഡ്കോ എഴുതിയ 28-11-2001, 25-4-2002 തീയതികളിലെ കത്തുകൾ.

(3) 34362/എഫ്2/2001/വ്യവ നംപരിൽ സർക്കാരിൽ നിന്നും ലഭിച്ച 14.1.2004 ലെ കത്ത്

(4) ഇതേ നംപരിൽ ശ്രീ. കെ. ജലീലിന്റെ പേരിൽ സിഡ്കോയിൽ നിന്നും അയച്ച 15.6.2004 ലെ കുറ്റാരോപണ മോമ്മോ

(5) ഇതേ നംപരിൽ 28-10-2004 ന് കേരള കൗമുദി ദിനപത്രത്തിൽ സിഡ്കോ പ്രസിദ്ധീകരിച്ച 8-10-2004 ലെ അറിയിപ്പ്

പാലക്കാട് സിഡ്കോ ആർ.എം. ഡിപ്പോയിൽ പാർടൈം തൂപ്പുകാരനായി ജോലി നോക്കി വന്നിരുന്ന ശ്രീ. കെ. ജലീൽ വിദേശത്ത് ജോലി തേടുന്നതിനെന്നു കാണിച്ച് 1.11.2001 മുതൽ 30.10.2006 വരെ അഞ്ച് വർഷത്തേക്കു ശൂന്യ വേതന അവധിയ്ക്കായി 24-10-2001 നു പാലക്കാട് ആർ.എം. ഡിപ്പോ മാനേജർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. അതിൻമേലുള്ള അന്തിമ തീരുമാനം കോർപ്പറേഷൻ അറിയിക്കുന്നതിന് മുമ്പു മുൻകൂർ അനുമതിയില്ലാതെ 6.11.2001 മുതൽ ശ്രീ.കെ ജലീൽ അനധികൃതമായി ജോലിയ്ക്കു ഹാജരാകാതിരിക്കുകയാണ്.

സർവ്വീസ് ചട്ടപ്രപകാരം ഒരു കലണ്ടർ വർഷക്കാലം ഒരു പാർട്ട്ടൈം ജീവനക്കാരനായ ശ്രീ. കെ. ജലീലിന് അനുവദനീയമായ പരമാവധി ശൂന്യവേതന അവധി 120 മാത്രമാകയാൽ ടിയാന്റ് സൂചന (1) ൽകാണുന്ന അപേക്ഷ പ്രത്യേക അനുമതിക്കായി സൂചന (2) ൽ കാണുന്ന കത്തു പ്രകാരം സർക്കാരിന് അയച്ചിരുന്നു. അതിനാൽ അപേക്ഷിക്കപ്പെട്ട് അവധിയ്ക്കു ടിയാനു അർഹതയില്ലെന്നും അനധികൃതമായി അവധിയിൽ തുടരുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിന് റിപ്പോർട്ട് ചെയ്യണമെന്നും സൂചന (3) ൽ കാണുന്ന കത്തു പ്രകാരം കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു.

20.1.1996 ലെ 10432/ബി.പി.ഇ/95 പി.എൽ.ജി. നംപർ സർക്കാർ സർക്കുലർ പ്രകാരം മേലധികാരിയിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ അവധിയിൽ പ്രവേശിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനെ അച്ചടക്ക നടപടിക്കു വിധേയനാക്കേണ്ടതും സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് കാണുന്നു.

ആ നിലയ്ക്കു മാനേജിംഗ് ഡയറക്ടറുടെ അനുമതിയില്ലാതെ അനധികൃതമായി അവധിയിൽ പോയ ശ്രീ. കെ. ജലീലിന്റെ നടപടി മുൻ സൂചിപ്പിച്ചിട്ടുള്ള സർക്കാർ സർക്കുലർ പ്രകാരം ഗുരുതരമായ പെരുമാറ്റച്ചട്ട ലംഘനമാണെന്ന് കണ്ടതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചു. അതുപ്രകാരം ചട്ടപ്രകാരമുള്ള മുൻ സൂചിപ്പിച്ച അച്ചടക്ക നടപടികൾ സ്വീകരിക്കാതിരിക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം 30 ദിവസങ്ങൾക്കുള്ളിൽ ബോധിപ്പിക്കേണ്ടതാണെന്ന് കാണിച്ച് സൂചന (4) ൽ കാണുന്ന കുറ്റാരോപണ മെമ്മോയും കുറ്റപത്രവും ടിയാന്റെ വീട്ടുമേൽ വിലാസത്തിൽ രജിസ്റ്റേഡ് താപാലായി അയച്ചുകൊടുത്തുവെങ്കിലും 'Not known' എന്ന് രേഖപ്പെടുത്തി തിരിച്ചയക്കപ്പെട്ടു കാണുന്നു.

തുടർന്ന് ഹെഡ്ഡാഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണം അന്നത്തെ പാലക്കാട് ആർ.എം.ഡിപ്പോ മാനേജർ പ്രസ്തുത മേൽ വിലാസത്തിൽ കാണുന്ന സ്ഥലം നേരിട്ട് സന്ദർശിച്ച് ശ്രീ. ജലീലിന്റെ താമസസ്ഥലത്തെക്കുറിച്ച് അന്വേഷിച്ചുവെങ്കിലും ടി യാനെക്കുറിച്ച് യാതൊരു വിവരവുമില്ലെന്ന് കാണിച്ച് ആർ.എം.ഡി/പി.കെ.ഡി/എസ്റ്റാ/4/04-05 നംപറുള്ള 23.8.2004 ലെ കത്ത് പ്രകാരം ഹെഡ്ഡാഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു.

തുടർ നടപടി എന്ന നിലയിൽ പ്രസ്തുത കുറ്റപത്രവും കുറ്റാരോപണ മെമ്മോയും സിഡ്കോയുടെ വക വെബ്സൈറ്റായ www.kersidco.com ൽ പ്രസിദ്ധീകരിക്കുകയും ആ വിവരം 8-10-2004 തീയതിയിലുള്ള ഇതേ നംപർ നോട്ടീസായി 28-10-2004 ലെ കേരള കൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. 30 ദിവസത്തിനുള്ളിൽ ഹാജരായി മെമ്മോ കൈപ്പറ്റി വിശദീകരണം നൽകാത്ത പക്ഷം ഇനിയൊരറിയിപ്പില്ലാതെ ശ്രീ. ജലീലിനെതിരെ ചട്ട പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് പ്രസ്തുത പത്രപരസ്യത്തിൽ വ്യക്തമാക്കിയിരുന്നു.

എന്നാൽ നാളിതുവരെയായിട്ടും ശ്രീ. ജലീൽ കോർപ്പറേഷനുമായി ബന്ധപ്പെടുകയോ മെമ്മോ കൈപ്പറ്റുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. മേലധികാരിയിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി ജോലിയക്ക് ഹാജരാകാതിരുന്നതും മെമ്മോ കൈപ്പറ്റാതിരുന്നതും വിശദീകരണം നൽകാത്തും ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് കാണുന്നതിനാൽ സിഡ്കോയുടെ കീഴിലുള്ള പാലക്കാട് ആർ.എം. ഡിപ്പോയിൽ പാർടൈം തൂപ്പുകാരനായി ജോലിനോക്കിവന്നിരുന്ന ശ്രീ.കെ.ജലീലിനെ മേലധികാരിയുടെ മുൻകൂർ അനുമതിയില്ലാതെ അനധികൃമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന്റെ പേരിൽ 20.1.2996 ലെ 10432/ബി.പി.ഇ.1/95/പി.എൽ.ജി.നംപർ സർക്കാർ സർക്കുലറിലെ 3(iii) ഖണ്ഡികയിലുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ 6.11.2001 മുതൽ സിഡ്കോയുടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മാനേജിംഗ് ഡയറക്ടർ

ശ്രീ. കെ. ജലീൽ
മിലാക്കുത്തിൽ മദ്രസപ്പള്ളി

വെണ്ണക്കര, നൂർണി. പി.ഒ
പാലക്കാട്

പകർപ്പ് :-

1. മാനേജർ, സിഡ്കോ, ആർ.എം. ഡിപ്പോ, പാലക്കാട്
2. ജനറൽ മാനേജർ, സിഡ്കോ ആർ.എം. ഡിവിഷൻ, എറണാകുളം
3. ജനറൽ മാനേജർ, (എഫ്&എ) സിഡ്കോ, ഹെഡ്ഡാഫീസ്
4. പി.ഇ.ആർ(1)
5. പി.ഇ.ആർ(2)
6. പി.ഇ.ആർ(3)
7. പി.ഇ.ആർ(4)
8. പി.എ.റ്റു.സി.& ഇ.ഡി
9. പി.എ.റ്റു.എം.ഡി
10. പി.ആർ.ഒ. - സിഡ്കോയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
11. നോട്ടീസ് ബോർഡ് (പാലക്കാട് ആർ.എം. ഡിപ്പോ)
12. നോട്ടീസ് ബോർഡ് (ഹെഡ്ഡാഫീസ്)
13. നോട്ടീസ് ബോർഡ് (ആർ.എം. ഡിവിഷൻ ഓഫീസ്, എറണാകുളം)
14. സ്റ്റോക്ക് ഫയൽ